**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5954** **19.11.2019-ൽ മറുപടിക്ക്**

**പുഗലൂർ - മാടക്കത്തറ പവർ ഹൈവെയുടെ നിർമ്മാണം**

| | ചോദ്യം<br><br>ശ്രീ. കെ. രാജൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | തമിഴ് നാട്ടിലെ പുഗലൂരിൽ നിന്ന് തൃശ്ശൂർ ജില്ലയിലെ മാടക്കത്തറയിലെ ത്തുന്ന രണ്ടായിരം മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്താകെ വിതരണം ചെയ്യാനുള്ള പവർ ഹൈവെയുടെ നിർമ്മാണം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ദക്ഷിണേന്ത്യയിലെ വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനായി ഛത്തിസ്ഗഢിലെ റെയ്ഗാ മുതൽ തമിഴ് നാട്ടിലെ പുഗലൂർ വരെ പവർ ഗ്രിഡ് കോർപ്പറേഷൻ നിർമ്മിച്ചിട്ടുള്ള 6000 മെഗാവാട്ട് ശേഷിയുള്ള ഹൈ വോൾട്ടേജ് ഡയറക്ട് കറണ്ട് ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ കേരളത്തിലേക്കുള്ള തുടർച്ചയാണ് പുഗലൂർ - തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈൻ. ആകെ 153.5 കി.മീ. നീളമുള്ള പുഗലൂർ - തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന് കേരളത്തിൽ 92 കി.മീ. ആണുള്ളത്. തമിഴ് നാട് അതിർത്തിയിലെ ഒഴലപ്പതി മുതൽ വടക്കാഞ്ചേരി വരെ 64 കി.മീ. ഓവർഹെഡ് ലൈനും വടക്കാഞ്ചേരി മുതൽ മാടക്കത്തറ വരെ 28 കി.മീ. ഭൂഗർഭ കേബിളുമാണ് നിർമ്മിക്കുന്നത്. പുഗലൂർ - തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന്റെ ഓവർഹെഡ് ലൈൻ ഭാഗത്തെ 45% ടവർ ഫൗണ്ടേഷനുകളും 30% ടവർ ഇറക്ഷൻ ജോലികളും പൂർത്തിയായിട്ടുണ്ട്. ഭൂഗർഭ കേബിൾ ഭാഗത്തെ 78% കേബിൾ ഡക്റ്റ് നിർമ്മാണവും 49% കേബിൾ ഇടൽ ജോലിയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുന്നു. കൂടാതെ, തൃശ്ശൂർ സബ്സ്റ്റേഷന്റെ 60% ജോലികളും പൂർത്തിയായിട്ടുണ്ട്. ഈ വൈദ്യുതി സംസ്ഥാനത്താകെ വിതരണം ചെയ്യുവാനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന ബൃഹത്തായ പദ്ധതി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മൂന്ന് 400 കെ.വി. സബ്സ്റ്റേഷനും ഇരുപത്തിമൂന്ന് 220 കെ.വി. സബ്സ്റ്റേഷനും സ്ഥാപിച്ചു വരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായി നടപ്പിലാകുന്നതോടു കൂടി കേരളത്തിൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വഴി മൈസൂരിലേയ്ക്കുള്ള 400 കെ.വി. പവർ ഹൈവേയും, തിരുവനന്തപുരം മുതൽ കാസർഗോഡ് (മൈലാട്ടി) വരെയുള്ള 220 കെ.വി. പ്രസരണ ശൃംഖലയും നിലവിൽ വരും. ഇതിൽ മാടക്കത്തറ മുതൽ മലപ്പുറം മലാപ്പറമ്പ വരെയുള്ള 400/220 കെ.വി. മൾട്ടി സർക്യൂട്ട് ലൈൻ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി യാഥാർത്ഥ്യമാകുന്ന തോടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തടസമില്ലാതെ വൈദ്യുതി പ്രവാഹം ഉറപ്പാക്കാനാവു മെന്ന് കരുതുന്നുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | ഉണ്ട്. പുഗലൂർ - തൃശ്ശൂർ ലൈൻ വഴി **2000** മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് തൃശ്ശൂരുള്ള എച്ച്.വി.ഡി.സി. സ്റ്റേഷനിൽ എത്തിക്കുവാൻ സാധിക്കും. പ്രസ്തുത എച്ച്.വി.ഡി.സി. സ്റ്റേഷനിൽ നിന്നുമുള്ള ലൈൻ മാടക്കത്തറയിലും കൊച്ചിൻ ഈസ്റ്റ് സബ്സ്റ്റേഷനുമായി ഇപ്പോൾ നടന്നുവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി വഴി ബന്ധിപ്പിക്കുന്നതോടെ ഈ പ്രോജക്ടിന്റെ പ്രയോജനം പൂർണ്ണമായും കേരളത്തിനു ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ ട്രാൻസ്ഗ്രിഡ് പദ്ധതികൾ പൂർത്തിയാകുന്നതോടു കൂടി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തടസ്സമില്ലാതെ വൈദ്യുതി എത്തിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ